ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.08.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ഉസ്ബെക്കിസ്ഥാൻ, കിർഗിസ്ഥാൻ സന്ദർശനം നാളെ ആരംഭിക്കും.

2. ഓണം വാരാഘോഷത്തിന്റെ സമാപന പരിപാടിയിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി മറ്റന്നാൾ കേരളത്തിൽ.

3. നേപ്പാൾ മിന്നൽപ്രളയത്തിൽ കുടുങ്ങിയ മലയാളികളുടെ സുരക്ഷ ഉറപ്പാക്കാൻ വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ടു വരുന്നതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

4. നവോത്ഥാനനായകന്മാരായ ശ്രീനാരായണ ഗുരുവിന്റേയും മഹാത്മാ അയ്യൻകാളിയുടെയും ജയന്തി ദിനത്തിൽ സംസ്ഥാനത്തെങ്ങും വിപുലമായ ആഘോഷ പരിപാടികൾ.

5. സാമൂഹിക വിവേചനങ്ങൾക്കെതിരെ പോരാടിയ അയ്യൻകാളി സമത്വവും സാമൂഹിക നീതിയും ഉയർത്തിപ്പിടിച്ചതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്; സാമൂഹ്യനീതി നേടിയെടുക്കുന്നതിലുള്ള പരിശ്രമങ്ങൾക്ക് പിന്നിലെ പ്രേരക ശക്തിയാണ് ശ്രീനാരായണ ഗുരുവെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ.

6. ഗ്രാൻഡ് ചെസ് ടൂർ കിരീടം നേടി ചരിത്രം കുറിച്ച് ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ.പ്രഗ്നാനന്ദ.

RNUTVPM

## പ്രധാനമന്ത്രി-ഉസ്ബെക്കിസ്ഥാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ഉസ്ബെക്കിസ്ഥാൻ, കിർഗിസ് സ്ഥാൻ സന്ദർശനം നാളെ ആരംഭിക്കും. താഷ്ക്കന്റിൽ, ഇന്ത്യ-ഉസ്ബെക്കിസ്ഥാൻ സഹകരണം ശക്തിപ്പെടുത്തുന്നതിനായുള്ള പ്രതിനിധിതല ചർച്ചകൾക്ക് പ്രധാനമന്ത്രി നേതൃത്വം നൽകും. തിങ്കളാഴ്ച അദ്ദേഹം കിർഗിസ് തലസ്ഥാനമായ ബിഷ്കെക്കിലേക്ക് പോകും. അവിടെ 26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## സുരേഷ് ഗോപി- നേപ്പാൾ (ഇൻട്രോ)

PNU TVPM

നേപ്പാളിൽ മിന്നൽപ്രളയത്തിൽ കുടുങ്ങിയ മലയാളികളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ വാർത്താവിനിമയ സംവിധാനങ്ങൾ തകർന്നതിനാൽ ലഭ്യമായിട്ടില്ലെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കുടുങ്ങിയവരുടെ സുരക്ഷ ഉറപ്പാക്കാൻ വിദേശകാര്യ മന്ത്രാലയവുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു. കേരള സർക്കാരിന്റെ നോർക്കയുമായി ബന്ധപ്പെട്ടും വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. വിവരങ്ങൾ ലഭ്യമാവുമ്പോൾ ബന്ധപ്പെട്ടവരെ അറിയിക്കുമെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.
**(വോയിസ് ....)**

❁❁❁❁❁❁❁❁❁❁❁❁❁

## നേപ്പാൾ

പ്രളയത്തിൽ കാണാതായ ഇന്ത്യക്കാരെ കണ്ടെത്തുന്നതിനും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി വിദേശകാര്യ

മന്ത്രി എസ്. ജയ്ശങ്കർ വ്യക്തമാക്കി. നേപ്പാളിലുള്ള 290 ഇന്ത്യൻ പൗരന്മാരെ പ്രളയശേഷം ബന്ധപ്പെടാനായിട്ടില്ലെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. 33 മലയാളികളെയും കണ്ടെത്താനുണ്ട്. മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം 392 ആയി ഉയർന്നു. 1,468 പേരെ കാണാതായിട്ടുണ്ട്.

## അയ്യൻകാളി ജയന്തി

നവോത്ഥാന നായകൻ മഹാത്മാ അയ്യൻകാളിയുടെ ജന്മവാർഷിക ദിനത്തിൽ സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം പാങ്ങോട് നടന്ന ചടങ്ങിൽ മന്ത്രി കെ.മുരളീധരൻ പങ്കെടുത്തു. സംസ്കൃതി ഭവനിൽ നടന്ന പരിപാടിയിൽ മന്ത്രി സി.പി.ജോൺ മുഖ്യാതിഥിയായി. വെങ്ങാനൂരിലെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണവും നടന്നു. കോവളത്തും വിപുല പരിപാടികൾ നടന്നു.

RNUTVPM

## അയ്യങ്കാളി - രാജ്നാഥ് സിംഗ്

അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾക്കും അന്തസ്സിനും വേണ്ടി പോരാടിയ മഹാത്മാ അയ്യങ്കാളി സമത്വം, അന്തസ്സ്, സാമൂഹിക നീതി എന്നിവയ്ക്കായുള്ള കൂട്ടായ ശ്രമത്തിന് പ്രചോദനം നൽകുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അനുസ്മരിച്ചു.

## പിസി വിഷ്ണുനാഥ് - അയ്യങ്കാളി

അവകാശ പോരാട്ടങ്ങൾക്ക് ദിശാബോധം നൽകുകയും ജനാധിപത്യപരമായ ചെറുത്തുനിൽപ്പുകളിലൂടെ ചരിത്രം സൃഷ്ടിക്കുകയും ചെയ്ത നവോത്ഥാന നായകനാണ് മഹാത്മാ അയ്യങ്കാളി എന്ന് മന്ത്രി പിസി വിഷ്ണുനാഥ്. വില്ലുവണ്ടി സമരം മുതൽ കർഷകത്തൊഴിലാളി പണിമുടക്ക് വരെയുള്ള ഇടപെടലുകൾ സാമൂഹിക സമത്വത്തിന്റെ അടിത്തറ ഒരുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ഗുരു ജയന്തി- തിരുവഞ്ചൂർ (ഇൻട്രോ)

RNU TVPM

സാമൂഹ്യ നീതി നേടിയെടുക്കുന്നതിലുള്ള പരിശ്രമങ്ങളുടെ ഏറ്റവും വലിയ പ്രേരക ശക്തിയാണ് ശ്രീനാരായണ ഗുരു എന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ശ്രീനാരായണ ഗുരു 172-ാമത് ജയന്തി സമ്മേളനം വർക്കല ശിവഗിരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്...)

ശ്രീനാരായണ ധർമ്മചർച്ചാ സമ്മേളനം മന്ത്രി എം. ലിജു ഉദ്ഘാടനം ചെയ്തു. ജയന്തിയോടനുബന്ധിച്ച് തിരുവനന്തപുരം ശ്രീകാര്യം ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ നടക്കുന്ന പുഷ്പാർച്ചനയും സാംസ്കാരിക സമ്മേളനവും മുഖ്യമന്ത്രി വി.ഡി.സതീശൻ വൈകുന്നേരം ഉദ്ഘാടനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸

## ശ്രീനാരായണ ഗുരു-ട്രോഫി (ഇൻട്രോ)

86 -ാമത് ശ്രീനാരണഗുരു ട്രോഫി കന്നേറ്റിജലോത്സവം ഇന്ന് ഉച്ചയ്ക്കുശേഷം കരുനാഗപ്പള്ളി കന്നേറ്റിക്കായലിൽ

നടക്കും. ജലോത്സവത്തിന് മുന്നോടിയായി നടക്കുന്ന സമ്മേളനം

മന്ത്രി പി. സി.വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....

(വോയിസ്)

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 30ന്. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഇന്നു വരെ പങ്കുവയ്ക്കാം.

## രക്ഷാബന്ധൻ

സ്നേഹത്തിൻേറയും സഹോദര്യത്തിന്റെയും സന്ദേശവുമായി രാജ്യമെമ്പാടും ഇന്ന് രക്ഷാ ബന്ധൻ ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര

RNU TVPM

മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള ഉൾപ്പെടെയുള്ള പ്രമുഖർ ആശംസകൾ നേർന്നു. രക്ഷാ ബന്ധൻ പരസ്പര വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും പ്രതീകമാണെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും വിജയവും ഉണ്ടാകട്ടെയെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## ഓണം വാരാഘോഷം

സംസ്ഥാനത്തു ഓണം വാരാഘോഷം വിപുലമായ പരിപാടികളോടെ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് മറ്റന്നാൾ നടക്കുന്ന സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. ഉപരാഷ്ട്രപതിയുടെ സന്ദ ർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗ ത ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## തൃശൂരിന്റെ കുമ്മാട്ടി , പുലി (ഇൻട്രോ)

പുരാണകഥകൾ പാടി കുമ്മിയടിച്ച് ഊരുചുറ്റാൻ തൃശൂരിന്റെ തെരുവുകളിൽ ഇന്ന് കുമ്മാട്ടികൾ ഇറങ്ങും. നാളെ തൃശ്ശൂരിലെ ഓണാഘോഷങ്ങൾക്ക് സമാപനം കുറിക്കാൻ പുലികളും തയ്യാറെടുപ്പിലാണ്.

ആകാശവാണി ത്രിശൂർ ജില്ലാ പ്രതിനിധി **ഭരിത പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## മുഴപ്പിലങ്ങാട് - സംസ്കാരം

അന്തരിച്ച പ്രമുഖ സാഹിത്യകാരൻ T K D മുഴപ്പിലങ്ങാടിന്റെ ഭൗതികദേഹം ഇന്ന് കണ്ണൂർ മുഴപ്പിലങ്ങാട് പഞ്ചായത്ത് ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. റോഡപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന അദ്ദേഹം ഇന്നലെ പുലർച്ചയാണ് നിര്യാതനായത്.

❁❁❁❁❁❁❁❁❁❁❁❁❁

## വേസ്റ്റ് ടു ആർട്ട് (ഇൻട്രോ)

മലപ്പുറം കോട്ടക്കുന്നിൽ പാഴ്വസ്തുക്കളിൽ നിന്ന് പൂക്കളം ഒരുങ്ങി. വ്യവസായ- ഐ.ടി വകുപ്പ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി ഇന്ന് വൈകുന്നേരം ഉദ്ഘാടനം നിർവഹിക്കും. ജില്ലാ ശുചിത്വമിഷനും, എക്കോ വേൾഡ് വേസ്റ്റ് മാനേജ്മെന്റും സഹകരിച്ച് ഒരുക്കിയ

*വേസ്റ്റ് ടു ആർട്ട്* പൂക്കളം, ഈ മാസം 31 വരെ പൊതുജനങ്ങൾക്ക് കാണാനാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി **സുരേഷ് ബാബു .......**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ഗ്രാൻഡ് ചെസ് ടൂർ

ഗ്രാൻഡ് ചെസ് ടൂർ കിരീടം നേടി ചരിത്രം കുറിച്ച് ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ. പ്രഗ്നാനന്ദ. ഇറ്റാലിയൻ-അമേരിക്കൻ ഗ്രാൻഡ് മാസ്റ്റർ ഫാബിയാനോ കരുവാനയെ പരാജയപ്പെടുത്തിയാണ് പ്രഗ്നാനന്ദയുടെ കിരീടനേട്ടം. ഗ്രാൻഡ് ചെസ്സ് ടൂർ വിജയിക്കുന്ന ആദ്യ ഇന്ത്യൻ താരമാണ് പ്രഗ്നാനന്ദ.

PNUTVPM

RNU TVPM